**Mathrubhumi, 18.04.2022**

# ജയ്ഹിന്ദ് ലൈബ്രറി സർഗസംവാദം



ജയ്ഹിന്ദ് ലൈബ്രറിയുടെ സർഗ സംവാദം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജിജി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

**മുതലക്കോടം** ▸ ജയ്ഹിന്ദ് ലൈബ്രറി കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തിൽ 'വായന എഴുത്ത് അനുഭവം' എന്ന വിഷയത്തിൽ സർഗ സംവാദം നടത്തി. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ജിജി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം എൽ.വി.ഹരികുമാർ അധ്യക്ഷനായി. എഴുത്തുകാരായ വി.വി.കുമാർ, സതീഷ് കിടാരക്കുഴി, അനുകുമാർ തൊടുപുഴ, മോഹൻ അറയ്ക്കൽ, കെ. ജയചന്ദ്രൻ, സനൽ ചക്രപാണി, അജയ് വേണു പെരിങ്ങാശേരി, ലൈബ്രറി പ്രസിഡന്റ് കെ.സി. സുരേന്ദ്രൻ, ലൈബ്രറി ജോ. സെക്രട്ടറി ജോസ് തോമസ് എന്നിവർ പ്രസംഗിച്ചു.